നദീ സംയോജനത്തോടുള്ള ഒരു ക്രൈസ്തവ പ്രതികരണം

ഡോ. മാത്യു കോശി പുന്നയ്ക്കാട്

ഇന്ത്യയിലെ 37 നദികളിൽ മുപ്പത് സ്ഥലത്ത് കൂടുതൽ ജലമുള്ള നദികളിൽ നിന്നും ജലം കുറവുള്ള പ്രദേശങ്ങളിലേയ്ക്ക് എത്തിക്കുകയെന്ന ലക്ഷ്യമാണ് നദീ സംയോജനത്തിനുള്ളത്. വെള്ളപ്പൊക്കം തടയുക, വരൾച്ച നിയന്ത്രിക്കുക, വൈദ്യുതി ഉത്പാദിപ്പിക്കുക, കൃഷി കൂടുതൽ വ്യാപിപ്പിക്കുക, ഗ്രാമങ്ങൾക്കും പട്ടണങ്ങൾക്കും കുടിവെള്ളം എത്തിക്കുക, വ്യവസായിക ജലവിതരണം, ഉൾനാടൻ ജലഗതാഗതം, തൊഴിലവസരം വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് നദി സംയോജനത്തിന്റെ ഗുണവശങ്ങളായി ചൂണ്ടിക്കാണിക്കുന്നത്. 2012 ഡിസംബറിൽ നദീ സംയോജന പദ്ധതിക്കായി ശ്രീ. സുരേഷ് പ്രഭുവിന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക പഠന സംഘത്തെ 2016-നുള്ളിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തി. ഇതിനിടയിലാണ് 2012 ഫെബ്രുവരി 27-ന് നദീ സംയോജനവുമായി മുന്നോട്ട് പോകുവാൻ കേന്ദ്രസർക്കാരിനോട് സുപ്രീം കോടതി നിർദ്ദേശം നൽകിയത്.

2012-ൽ പത്തു ലക്ഷം കോടി രൂപായെങ്കിലും ചെലവ് വരുന്ന നദീസംയോജനം മൂലം 8000 ച



തുരശ്ര കിലോമീറ്റർ ഭൂപ്രദേശം വെള്ളത്തിനടിയിലാകുമെന്നും, ആയിരക്കണക്കിന് പട്ടണങ്ങളും ഗ്രാമങ്ങളും നഷ്ടമാകുമെന്നും, ദശലക്ഷക്കണക്കിന് ആളുകൾ കുടിയൊഴിക്കപ്പെടുമെന്നും, 50,000 ഹെക്ടറിലധികം വനഭൂമി നഷ്ടമാകുമെന്നും, നദികളിലൂടെ ഉപ്പുവെള്ളം കയറുവാനിടയാകുമെന്നും, ഉൾനാടൻ മത്സ്യ സമ്പത്തിന് സർവനാശം സംഭവിക്കുമെന്നും, കൂടുതൽ ജലവും നദികളും മലിനീകരിക്കപ്പെടുമെന്നുമുള്ളതാണ് ദോഷവശങ്ങളായി ചൂണ്ടിക്കാണിക്കുന്ന മറുവാദം.

തങ്ങളുടെ നദിയിൽ ആവശ്യത്തിന് വെള്ളം തികയാത്ത സാഹചര്യത്തിൽ മറ്റൊരു നദീ തടത്തിലേയ്ക്ക് തിരിച്ചു വിടുന്നത് മൂലം ഉണ്ടായേക്കാവുന്ന പരിസ്ഥിതി ആഘാതങ്ങൾ പഠിക്കാതെ ഈ പദ്ധതിയുമായി സഹകരിക്കില്ലെന്ന് ചില സംസ്ഥാനങ്ങൾ വ്യക്തമാക്കിക്കഴിഞ്ഞു. പമ്പയാറിലും അച്ചൻകോവിലാറിലും അധിക ജലമുണ്ടെന്ന തെറ്റിദ്ധാരണ പരത്തി തമിഴ്നാട്ടിലെ വൈപ്പാർ പദ്ധതിയുമായി ബന്ധിപ്പിക്കുന്ന പദ്ധതിയോട് കേരളവും യോജിക്കുന്നില്ല. തമിഴ്നാട്ടിലെ മൂന്നു ജില്ലകളിൽ കൃഷി വ്യാപിപ്പിക്കുവാൻ ഇത് സഹായിക്കുമെങ്കിലും മദ്ധ്യകേരളത്തിലെ കുടിവെള്ള പദ്ധതികളെയും കൃഷിയെയും വേമ്പനാട്ട് കായലിന്റെ ഇക്കോളജിൽ സന്തുലിതാവസ്ഥയെയും ഇത് സാരമായി ബാധിക്കും.

1) നദികൾ സംയോജിപ്പിക്കുന്നതിലൂടെ നദികളുടെ ആസന്നമരണമാണ് സംഭവിക്കുക. സോവ്യയറ്റ് യൂണിയനിലെ സർദാരിയ അമുദാരിയ നദികളുടെ ചരിത്രം നമുക്ക് പാഠമാകണം. ഒരു പ്രദേശത്തിന്റെ തന്നെ സാമൂഹ്യ, സാംസ്കാരിക ആരോഗ്യസ്ഥിതിയെ നദീ സംയോജനം ഗൗരവമായി ബാധിക്കും.

2) കടലിൽ നിന്നും കായലിൽ നിന്നും വേലിയേറ്റ സമയത്ത് ശക്തിയായി നദിയിലേക്ക് തള്ളിവരുന്ന സമുദ്രജലത്തെ താഴോട്ട് തള്ളിവിടണമെങ്കിൽ ശക്തമായ മർദ്ദം ഒഴുകി വരുന്ന വെള്ളത്തിനുണ്ടാകണം. നദീസംയോജനത്തിലൂടെ ഈ മർദ്ദം നദിയിലെ ജലത്തിന് ലഭിക്കാതാകുകയും ഉപ്പുവെള്ളം കരയിലേയ്ക്ക് പ്രവേശിക്കുവാനിടയാകുകയും ചെയ്യും. കുടിവെള്ള ക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്ന വേളയിൽ ഉപ്പുജലത്തിന്റെ വരവ് കുടിവെള്ളക്ഷാമം വർദ്ധിപ്പിക്കുവാനിടയാക്കും.

3) ചില നദികൾ മലിനീകൃതമാണ്. അതിൽ കൂടി വിഷമാണ് ഒഴുകുന്നതെന്നാണ് റിപ്പോർട്ടുകൾ. നദികൾ ബന്ധിപ്പിക്കുന്നതിലൂടെ വിഷമുള്ള ജലത്തെ ഭാരതം മുഴുവനും വിതരണം ചെയ്യുകയാവും സംഭവിക്കുക. മാലിന്യത്തെ അഖിലേന്ത്യാതലത്തിലേയ്ക്ക് വ്യാപിപ്പിക്കുന്നത് ശരിയല്ല.

4) ഇത് ലക്ഷക്കണക്കിന് മത്സ്യതൊഴിലാളികളെ പട്ടിണിയിലേക്ക് തള്ളിയിടും. ആവാസ വ്യവസ്ഥയിൽ വരുത്തുന്ന മാറ്റം മത്സ്യ സമ്പത്തിനെ നശിപ്പിക്കും. മത്സ്യത്തിലൂടെയാണ് ഒരു നല്ല ശതമാനം ജനങ്ങൾക്കും പ്രോട്ടീൻ ലഭിക്കുന്നത്. അത് ലഭ്യമല്ലാതെ വരുന്നതോടെ നല്ലൊരു ശതമാനം ജനങ്ങൾക്കും പോഷകക്കുറവ് നിമിത്തം രോഗബാധിതരാകുവാൻ സാദ്ധ്യതയുണ്ട്.

5) നദി നൂറ്റാണ്ടുകളായി ഒഴുകി രൂപപ്പെട്ട ഒരു ആവാസ വ്യവസ്ഥയാണ്. ആവാസ വ്യവസ്ഥയിൽ ഉണ്ടാവുന്ന മാറ്റം അനവധി ജീവ ജാലങ്ങളെ ബാധിക്കും. അത് ജലത്തിലും മണ്ണിലുമുള്ള സൂക്ഷ്മ ജീവികളെയും ബാധിക്കും. ചിലതിന്റെ വംശ നാശം പരിസ്ഥിതി സന്തുലനാവസ്ഥയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാം.

6) വമ്പിച്ച പ്രതീക്ഷയോടെ നടപ്പിലാക്കിയ പല മെഗാ പ്രൊജക്ടുകളും ഉദ്ദേശിച്ച ഫലം തന്നിട്ടില്ല. പത്തു ലക്ഷം കോടി രൂപാ ചെലവ് മതിക്കുന്ന നദീസംയോജന പദ്ധതി വമ്പിച്ച അഴിമതിക്കിടയാക്കുമെന്ന് ആരോപണമുണ്ട്. അനുഭവത്തിന്റെ വെളിച്ചത്തിൽ മെഗാ പ്രോജക്ടുകളേക്കാൾ സ്ഥായിയായ പ്രയോജനം ലഭിക്കുന്നത് ചെറിയ പ്രോജക്ടുകൾക്കാണ്. മഴവെള്ള ക്കൊയ്ത്ത് വ്യാപകമായി നടത്തുവാൻ സാധിച്ചാൽ പാഴായിപ്പോകുന്ന മഴവെള്ളം ഉപയോഗപ്പെടുത്തി, നദീസംയോജനം വഴി ലഭിക്കുന്ന ഗുണങ്ങൾ മിക്കതും ലഭ്യമാക്കാവുന്നതാണ്.

നദീ സംയോജനത്തെക്കുറിച്ചുള്ള ചർച്ചകൾ നീർത്തടങ്ങളും തണ്ണീർത്തടങ്ങളുമായി ബന്ധപ്പെട്ടു ചർച്ച ചെയ്യുന്നതിലൂടെ മാത്രമെ സമഗ്രമാകുകയുള്ളൂ. നദീസംയോജനം മാത്രമായി ഒറ്റപ്പെട്ടു ചർച്ച ചെയ്യുന്നത് വികലമായ പാരിസ്ഥിതിക കാഴ്ചപ്പാടാണ്. സമ്പൂർണ പാരിസ്ഥിതിക ഉൾക്കാഴ്ച ഇക്കാര്യങ്ങളിൽ അനിവാര്യമാണ്. ചതുപ്പു നിലങ്ങൾ, നെൽവയലുകൾ, നദികൾ, കായലുകൾ എല്ലാം തന്നെ തണ്ണീർത്തടങ്ങളാണ് (Wet lands). തണ്ണീർത്തടങ്ങൾക്ക് ആവശ്യമായ ജലം ലഭിക്കുന്ന നീരൊഴുക്കിന് സഹായിക്കുന്ന ഭൂപ്രദേശമാണ് നീർത്തടങ്ങൾ (Water shed-drainage basin). മലകളും വനഭൂമിയും ഇടിച്ചു നശിപ്പിക്കുന്നതോടെ നീർത്തടങ്ങൾ നശിപ്പിക്കപ്പെടുന്നു. ഈ മണ്ണ് തണ്ണീർത്തടങ്ങളിൽ ഇടുന്നത് മൂലം ജൈവവൈവിദ്ധ്യം നശിപ്പിക്കപ്പെടുന്നു. 2004-2011 കാലയളവിൽ ഏകദേശം 1,67,812 ഹെക്ടർ നീർത്തടങ്ങൾ നികത്തപ്പെട്ടു കഴിഞ്ഞു. കന്നീറ്റി കായൽ നികത്തുവാനുള്ള ശ്രമം ആരംഭിച്ചപ്പോൾ പരിസ്ഥിതി പ്രവർത്തകർ ചൂണ്ടിക്കാണിച്ചത് ശ്രദ്ധേയമാണ്. കൊല്ലം ജില്ലയിലെ കണ്ടൽ കാടുകളിൽ 40 ശതമാനവും ഈ കായലിലാണുള്ളത്. ഇരുന്നൂറിലധികം സ്പീഷിസ് സസ്യങ്ങളാണിവിടെയുള്ളത്. വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന നീർനായകളുടെ ആവാസ സ്ഥലം കൂടിയാണിത്. നദികൾ, നെൽവയലുകൾ, നീർത്തടങ്ങൾ തുടങ്ങിയ പാരിസ്ഥിതിക വ്യൂഹം പ്രത്യക്ഷമായും പരോക്ഷമായും നൽകുന്ന സേവനങ്ങൾ അനവധിയാണ്. ഭക്ഷണവും വെള്ളവും, കാലാവസ്ഥ സന്തുലനം പ്രത്യേകിച്ചും ഹരിതഗൃഹവാതകങ്ങളുടെ തടയൽ, ജല നിയന്ത്രണം, ഭൂഗർഭജലവിതാനം നിശ്ചയിക്കൽ, കുളങ്ങളിലെയും കിണറുകളിലെയും ജല ലഭ്യത വർദ്ധിപ്പിക്കൽ, മണ്ണൊലിപ്പ് നിയന്ത്രിക്കൽ, ജലശുദ്ധീകരണം തുടങ്ങിയവ തണ്ണീർത്തട, നീർത്തട പാരിസ്ഥിതിക വ്യൂഹത്തിൽ ലഭിക്കുന്ന സേവനങ്ങളാണ്. ഐക്യരാഷ്ട്രസഭയുടെ കണക്കനുസരിച്ച് കേരളത്തിലുള്ള 1,60,590 ഹെക്ടർ നീർത്തടങ്ങളും, 2,34,000 ഹെക്ടർ നെൽവയലുകളും 1,22,868 കോടി രൂപ വാർഷിക മൂല്യം മതിക്കുന്ന പാരിസ്ഥിതിക വ്യൂഹ സേവനങ്ങളാണ് നൽകുന്നത്. വിവിധ രാജ്യങ്ങളിലെ പഠനങ്ങളുടെ വെളിച്ചത്തിലുള്ള ശരാശരി കണക്കാണിത്. കേരളത്തിലെ നീർത്തടങ്ങൾ കുറേക്കൂടി സങ്കീർണ്ണമായതിനാൽ അവയുടെ മൂല്യം ഇതിന്റെ രണ്ടു മൂന്ന് ഇരട്ടിയെങ്കിലും കൂടും.

ജലം ദൈവിക ദാനമാണ്. അത് മനുഷ്യന് മാത്രമായി നൽകിയിട്ടുള്ളതല്ല. ദൈവിക ഉടമ്പടി പ്രകാരം പ്രകൃതിയിലുള്ള സകല ജീവജാലങ്ങൾക്കും ദാനമായി നൽകിയിരിക്കുന്നതാണ്. ഓരോ പ്രദേശങ്ങളിലെയും ജലത്തിന്റെ അളവ് വ്യത്യാസമാണെങ്കിലും അതനുസരിച്ച് ജീവിക്കുവാൻ സാധിക്കുന്ന ജീവജാലങ്ങളാണ് അവിടെയുള്ളത്. അപ്രകാരം രൂപപ്പെട്ട ആവാസ വ്യവസ്ഥ മനുഷ്യന്റെ അത്യാഗ്രഹപ്രകാരം മാറ്റി മറിക്കുമ്പോൾ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകും. ജലത്തിന്റെ ഒഴുക്ക് തിരിച്ചുവിടുന്നതോ, സ്രോതസ്സ് നശിപ്പിക്കുന്നതോ പ്രകൃതി വിരുദ്ധ നടപടികളാണ്. തണ്ണീർതടങ്ങൾ നികത്തുന്നതും നീർത്തടങ്ങൾ നശിപ്പിക്കുന്നതും ഭാവി തലമുറയോടും മറ്റ് ജീവജാലങ്ങളോടും ചെയ്യുന്ന ക്രൂരതയാണെന്നും അത് പാപമാണെന്നും സഭ വിശ്വാസികളെ പഠിപ്പിക്കണം.

നദികൾ മനുഷ്യനുവേണ്ടി മാത്രമുള്ളതാണെന്നും ആയതിനാൽ മനുഷ്യന്റെ ആവശ്യമനുസരിച്ച് നദികൾ എങ്ങോട്ട് വേണമെങ്കിലും തിരിച്ചു വിടാമെന്ന് കരുതുന്നതും തെറ്റാണ്. ജലവും വായുവും മണ്ണും ജീവനുമൊക്കെ ദൈവീകദാനമാണെന്നാണ് സഭ പഠിപ്പിക്കുന്നത്. നോഹ പെട്ടകത്തിൽ പ്രകൃതിയിലുള്ള എല്ലാ ജീവജാലങ്ങളിൽ നിന്നും ആണും പെണ്ണുമായി ഈ രണ്ടീരണ്ടിനെ പ്രവേശിപ്പിച്ചത് വഴി പ്രകൃതിയിൽ ജൈവവൈവിദ്ധ്യം നിലനിർത്തണമെന്നുള്ള ദൈവീക ദർശനമാണ് നാം അവിടെ കാണുന്നത്. പെട്ടകത്തിൽ നിന്നും പുറത്ത് വന്ന മനുഷ്യനോട് മാത്രമല്ല ദൈവം ഉടമ്പടിയിലേർപ്പെടുന്നത്. സകല ജീവജാലങ്ങളും ആ ഉടമ്പടിയിൽ ഭാഗഭാക്കാണ്. പ്രകൃതിയിലുള്ള എല്ലാ ജീവജാലങ്ങളും ദൈവീക കരുതലിലുള്ളതാണെന്നും അന്യോന്യ സഹവർത്തിത്വത്തിലൂടെ മാത്രമേ പ്രകൃതിയിൽ ജീവിക്കുവാൻ സാധിക്കുകയുള്ളുവെന്നും വേദപുസ്തകം പഠിക്കുന്നു. തണ്ണീർത്തടങ്ങളിലും നീർത്തടങ്ങളിലുമുള്ള, അനേകായിരം സൂക്ഷ്മ ജീവികളുൾപ്പെടെയുള്ള ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥയ്ക്ക് വിഘ്നം വരുത്തി അവയെ കൊന്നൊടുക്കിക്കൊണ്ട് മനുഷ്യന്റെ സ്ഥാപിത താല്പര്യത്തിനു വേണ്ടി ജലം ഉപയോഗിക്കുന്നത് ക്രൈസ്തവധർമത്തിനെതിരാണ്.

drmathewkoshy51@gmail.com
website:www.drmathewkoshy.com

> **നദികൾ മനുഷ്യനുവേണ്ടി മാത്രമുള്ളതാണെന്നും ആയതിനാൽ മനുഷ്യന്റെ ആവശ്യമനുസരിച്ച് നദികൾ എങ്ങോട്ട് വേണമെങ്കിലും തിരിച്ചുവിടാമെന്ന് കരുതുന്നതും തെറ്റാണ്. ജലവും വായുവും മണ്ണും ജീവനുമൊക്കെ ദൈവീകദാനമാണെന്നാണ് സഭ പഠിപ്പിക്കുന്നത്. നോഹ പെട്ടകത്തിൽ പ്രകൃതിയിലുള്ള എല്ലാ ജീവജാലങ്ങളിൽ നിന്നും ആണും പെണ്ണുമായി ഈരണ്ടീരണ്ടിനെ പ്രവേശിപ്പിച്ചത് വഴി പ്രകൃതിയിൽ ജൈവവൈവിദ്ധ്യം നിലനിർത്തണമെന്നുള്ള ദൈവീകദർശനമാണ് നാം അവിടെ കാണുന്നത്. പെട്ടകത്തിൽ നിന്നും പുറത്ത് വന്ന മനുഷ്യനോട് മാത്രമല്ല ദൈവം ഉടമ്പടിയിലേർപ്പെടുന്നത്. സകല ജീവജാലങ്ങളും ആ ഉടമ്പടിയിൽ ഭാഗഭാക്കാണ്.**